**ഇൻസ്റ്റിട്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലപ്പ്മെന്റ്**
**ചാക്ക തിരുവനന്തപുരം -24**

**നടപടിക്രമം**

ഐ എച്ച് ആർ ഡി - ജീവനക്കാരുടെ 2025 വർഷത്തെ ജീവൻ രക്ഷാ പദ്ധതി - ഇൻസ്റ്റിട്യൂഷൻ ഫണ്ടിൽ നിന്നും പ്രീമിയം അടക്കുന്നത് -സംബന്ധിച്ച്

നമ്പർ ഫിൻ ബി 1 / 10796 / 2010 / എച്ച് ആർ ഡി തീയതി 16.12.2024

സൂചന :- (1) 19.11.2024 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ സ. ഉ (അച്ചടി) നം.99/2024/ ധന

(2) ഈ ഓഫീസിലെ 04.12.2024 തീയതിയിലെ ഇൻഡാസ് നമ്പർ ഇ എ 1 /15902/2010/ എച്ച് ആർ ഡി

**ഉ ത്ത ര വ്**

മേൽ പരാമർശം (1) പ്രകാരം 2024 വർഷത്തെ സംസ്ഥാന സർക്കാർ ജീവനക്കാരുടെ ജീവൻ രക്ഷാ പദ്ധതിയുടെ കാലാവധി 31 / 12 / 2024 ൽ അവസാനിക്കുന്നതിനാൽ 2025 വർഷത്തെ ഇൻഷുറൻസ് കാലാവധി പുതുക്കുന്നതിലേക്കായി പ്രീമിയം നവംബർ മാസത്തെ ശമ്പളത്തിൽ നിന്നും കുറവ് ചെയ്തു 31 / 12/2024 നു മുൻപ് അടക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ഈ നിർദ്ദേശം തുടർ നടപടിക്കായി സൂചന (2) പ്രകാരം എല്ലാ സ്ഥാപന മേധാവികളെയും അറിയിച്ചിട്ടുണ്ടായിരുന്നു. എന്നാൽ ഐ എച്ച് ആർ ഡി യിൽ 2024 നവംബർ മാസത്തെ ശമ്പളം നൽകുവാൻ താമസിക്കുന്ന സാഹചര്യത്തിൽ ജീവൻ രക്ഷാ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള ഓരോ ജീവനക്കാരുടെയും പ്രീമിയം തുകയായ 1000 രൂപയും 18% ജി എസ് ടി തുകയായ 180 രൂപയും അതാതു സ്ഥാപനമേധാവികൾ സ്ഥാപനത്തിന്റെ അക്കൗണ്ടിൽ നിന്നും അടക്കുവാൻ അനുവദിച്ചു കൊണ്ട് ഉത്തരവാകുന്നു.

മേൽ പറഞ്ഞ പ്രീമിയം തുക 31.12.2024 നു മുൻപ് തന്നെ അടക്കേണ്ടതും ജിഎസ് ടി തുക നേരിട്ട് താഴെ പറയുന്ന ഹെഡ് ഓഫീസ് അക്കൗണ്ടിലേക്കു അയച്ചുതരേണ്ടതുമാണ് . അടച്ചുതീർത്ത പ്രീമിയം തുക, GST തുക എന്നീ വിവരങ്ങൾ ഹെഡ് ഓഫീസിലേക്ക് 01.01.2025 നു തന്നെ അറിയിക്കേണ്ടതാണ്. ശമ്പളം നൽകുന്ന മുറയ്ക്ക് ജീവനക്കാരിൽ നിന്നും അടച്ചുതീർത്ത പ്രീമിയം തുകയും, GST തുകയും ഈടാക്കേണ്ടതുമാണ്.

**ഹെഡ് ഓഫീസ് അക്കൗണ്ട് നമ്പർ: 57022746825**
**എസ്ബിഐ ചാക്ക ബ്രാഞ്ച് , തിരുവനന്തപുരം**
**ഐ എഫ് എസ് കോഡ് : SBIN0070795**

ഒപ്പ്
ഡയറക്ടർ

സ്വീകർത്താവ്

1. എല്ലാ സ്ഥാപനമേധാവികൾക്കും
2. ഫിനാൻസ് ഓഫീസർ
3. അക്കൗണ്ട്സ് ഓഫീസർ
4. പി എ ടു ഡയറക്ടർ
5. എസ്റ്റാബ്ലിഷ്മെന്റ് (ഇ എ1) സെക്ഷൻ
6. കരുതൽ ഫയൽ
7. ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സീനിയർ സുപ്രണ്ട്